## പതിമൂന്നാം കേരള നിയമസഭ - ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:171 | 10/12/2012 - ൽ മറുപടിക്ക്

### ഐ.സി.എ.ഡി.പി. പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി: |
| (എ) മത്സ്യ ഗ്രാമങ്ങൾ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന ഐ.സി.എ.ഡി.പി. പദ്ധതിയിൽ കൊയിലാണ്ടി മണ്ഡലത്തിലെ ഏതെല്ലാം മത്സ്യഗ്രാമങ്ങളിലാണ് വികസന പദ്ധതികൾ നടപ്പിലാക്കുന്നത് എന്നത് വ്യക്തമാക്കുമോ; | (എ) സംയോജിത തീരദേശ വികസന പദ്ധതിയിലുൾപ്പെടുത്തി കൊയിലാണ്ടി മണ്ഡലത്തിലെ കൊയിലാണ്ടി മത്സ്യഗ്രാമത്തിൽ കുടിവെള്ളം, സാനിട്ടേഷൻ, വൈദ്യുതീകരണം എന്നീ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. കൂടാതെ തീരദേശ വികസന പദ്ധതിയിലുൾപ്പെടുത്തി കൊയിലാണ്ടി മണ്ഡലത്തിലെ കൊല്ലം മത്സ്യഗ്രാമത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം പുനരുദ്ധാരണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി തീരദേശ വികസന കോർപ്പറേഷൻ കൊയിലാണ്ടി മത്സ്യ ഗ്രാമത്തിന്റേതായി എസ്റ്റിമേറ്റ്/പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) കൊയിലാണ്ടി മത്സ്യഗ്രാമത്തിന്റെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പ്രോജക്ട് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| കുടിവെള്ള വിതരണം | - | 120.00 ലക്ഷം |
| വ്യക്തിഗത ടോയ്ലറ്റ് നിർമ്മാണം | - | 28.80 ലക്ഷം |
| വൈദ്യുതീകരണം | - | 24.26 ലക്ഷം |
| ഹൈമാസ്റ്റ്ലൈറ്റുകൾ | - | 24.50 ലക്ഷം |

(സി) കൊയിലാണ്ടിയിലെ മത്സ്യ തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന മറ്റ് മത്സ്യ ഗ്രാമങ്ങൾ കൂടി ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

(സി) സംയോജിത തീരദേശ വികസന പദ്ധതിയിലുൾപ്പെടുത്തി ഇരിങ്ങൽ മത്സ്യഗ്രാമത്തിൽ കൂടി കുടിവെള്ളം, വൈദ്യുതീകരണം, സാനിട്ടേഷൻ, റോഡുകൾ തുടങ്ങി അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

Raji Rajendran

സെക്ഷൻ ഓഫീസർ